

കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

ചവറ വികാസ് കലാ സാംസ്കാരിക സമിതി
ഓഡിറ്റ് റിപ്പോർട്ട്
2020-21

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
കൊല്ലം ജില്ലാ സീനിയർ ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം

e-mail: doklm.ksad@kerala.gov.in

(രജിസ്റ്റർചെയ്ത കൈപ്പറ്റുചീട്ടുസഹിതം)

കെ.എസ്.എ/കെ.എൽ.എം/എം.എസ്- 1518/21

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,
കൊല്ലം. ഫോൺ - 0474 2740141
ഇ-മെയിൽ : doklm.ksad@kerala.gov.in
തീയതി : 06/12/2021

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.

സെക്രട്ടറി

വികാസ് കലാ സാംസ്കാരിക സമിതി,
ചവറ, മുകുന്ദപുരം. പി. ഒ,
കൊല്ലം-691 585

സർ,

വിഷയം: കൊല്ലം ജില്ലയിലെ ചവറ വികാസ് കലാ സാംസ്കാരിക സമിതിയുടെ 2020-21 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് പുറപ്പെടുവിക്കുന്നത് സംബന്ധിച്ച്.

കൊല്ലം ജില്ലയിലെ ചവറ വികാസ് കലാ സാംസ്കാരിക സമിതിയുടെ 2020-21 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് താങ്കളുടെ അറിവിലേക്കും അനന്തര നടപടികൾക്കുമായി ഇതോടൊപ്പം അയയ്ക്കുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.

പകർപ്പ് -
(1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (എയിംസ്)

(2) ഡയറക്ടർ, സാംസ്കാരിക വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
(3) കാര്യാലയപ്രതി.

നമ്പർ. കെ.എസ്.എ.–കെ.എൽ.എം./എം.എസ്/1518/21 തീയതി : 06/12/2021

കൊല്ലം ജില്ലയിലെ ചവറ ആസ്ഥാനമായി പ്രവർത്തിക്കുന്ന വികാസ് കലാ സാംസ്കാരിക സമിതിയുടെ 2020–21 വർഷത്തെ വരവ്–ചെലവ് കണക്കുകളുടെ ഓഡിറ്റ് റിപ്പോർട്ട്.

ഓഡിറ്റ് റിപ്പോർട്ട് പുറപ്പെടുവിക്കുന്ന ഉദ്യോഗസ്ഥന്റെ പേരും, ഉദ്യോഗപ്പേരും	ശ്രീ. മാത്യൂറോയി. കെ. പി. സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥയുടെ പേരും, ഉദ്യോഗപ്പേരും	ശ്രീ. അനിൽകുമാർ. എസ് സീനിയർ ഗ്രേഡ് ഓഡിറ്റർ
ഓഡിറ്റ് നടത്തിയ തീയതി	08.10.21
ഉത്തരവാദിയായ നിർവ്വഹണാധികാരികൾ	
പ്രസിഡന്റ്	ശ്രീ. നവാസ്. എ 01.04.20 മുതൽ 31.03.21 വരെ
സെക്രട്ടറി	ശ്രീ. വി. ബാബു രാജേന്ദ്രൻപിള്ള 01.04.20 മുതൽ 31.03.21 വരെ

പരിശോധനയ്ക്ക് വിധയമാക്കിയ കണക്കുകൾ

ചവറ വികാസ് കലാ-സാംസ്കാരിക സമിതിയുടെ 2020-21 വർഷത്തെ വരവ് -ചെലവ് കണക്കുകൾ പരിശോധനയ്ക്ക് വിധേയമാക്കി. 01/06/1998 ലെ സർക്കാർ ഉത്തരവ് (എം.എസ്) നം.23/99/സി.എ.ഡി. പ്രകാരം പരാമർശിക്കപ്പെട്ടിട്ടുള്ള സാംസ്കാരിക സ്ഥാപനങ്ങളുടെ ഓഡിറ്റ് നടത്തുന്നത് സംബന്ധിച്ച് സർക്കാരിന്റെ 02/12/2003-ലെ 7841/എ2/03/ സി.എ.ഡി. നമ്പർ കത്തിലെ നർദ്ദേശപ്രകാരമാണ് ഓഡിറ്റ് നടത്തിയിട്ടുള്ളത്.

ഭാഗം –1

പൊതു അവലോകനം

1-1 പൊതുഅവലോകനം

തിരു-കൊച്ചി സാഹിത്യ ശാസ്തുധർമ്മ സംഘം രജിസ്റ്റർ നിയമപ്രകാരം 1984 ൽ 68- ാം നമ്പരായി രജിസ്റ്റർ ചെയ്തിട്ടുള്ള ഈ സ്ഥാപനം വികാസ് കലാ-സംസ്കാരിക സമിതിയെന്ന പേരിൽ പ്രവർത്തിച്ചു വരുന്നു. കലാ-സംസ്കാരിക രംഗത്ത് മികച്ച പ്രവർത്തനം നടത്തുന്ന സംഘടനകൾക്കായി സർക്കാർ നൽകുന്ന 10,000/- രൂപയുടെ ധനസഹായം തൻവർഷവും സ്ഥാപനത്തിന് ലഭിച്ചിട്ടുണ്ട്.

1-2 സ്ഥാപനത്തിന്റെ പ്രവർത്തനം

വികാസ് കലാ സാംസ്കാരിക സമിതിയുടെ ഭാഗമായി ലൈബ്രറി, പാൽ വിതരണ സംഭരണ കേന്ദ്രം, വനിതാവേദി, ബാലവേദി, കുട്ടികളുടെ സാംസ്കാരിക കേന്ദ്രം എന്നീ അനുബന്ധ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട്. കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ ക്യാൻസർ അകലെ, കുട്ടികളുടെ അവധിക്കാല പഠന ക്യാമ്പ്, ഓണാഘോഷം, സ്വാതന്ത്ര്യ ദിനാഘോഷം, കവിയരങ്ങ്, വിദ്യാർത്ഥികൾക്ക് പാഠ്യ വിഷയങ്ങൾക്കപ്പുറമുള്ള ലോകത്തെ പരിചയപ്പെടാനും വ്യക്തിത്വ വികസനത്തിനുമായി 'കളിക്കൂട് ', നേത്ര ചികിത്സാ ക്യാമ്പ്, രോഗികൾക്ക് ചികിത്സാ ധനസഹായം, ജോസ് ഫൗണ്ടേഷൻ ധനസഹായം, കലാ-കായിക പ്രതിഭകളെ അംഗീകരിക്കൽ, സമർത്ഥരായ വിദ്യാർത്ഥികൾക്കുള്ള സമ്മാന വിതരണം,

ഒ.എൻ.വി. അനുസ്മരണം, കാർഷിക പുരോഗതി ലക്ഷ്യമാക്കിയുള്ള പ്രവർത്തനങ്ങൾ, കുടുംബ കലാമേള തുടങ്ങിയ പ്രവർത്തനങ്ങൾ ഈ സ്ഥാപനം മുൻ വർഷം വരെ നടത്തിയിരുന്നു. 2020-21 വർഷത്തിൽ കോവിഡ് പ്രതിരോധപ്രവർത്തനത്തിൽ ശ്രദ്ധ കേന്ദ്രീകരിച്ച വികാസ് കലാസാംസ്കാരിക സമിതിയെന്ന ഈ സ്ഥാപനത്തിന്റെ പ്രവർത്തനം ചവറ പ്രദേശ വാസികൾക്കു വളരെയധികം പ്രയോജനപ്പെടുന്നുണ്ട്.

1-3 ഗ്രാന്റിന്റെ വിവരം

സാംസ്കാരിക വകുപ്പ് അദ്ധ്യക്ഷന്റെ 30.6.20 തീയ്യതിയിലെ എ2-3544/20/ -ാം നമ്പർ ഉത്തരവ് പ്രകാരം 10000/- രൂപയുടെ ധനസഹായം 15.7.20 ൽ യൂണിയൻ ബാങ്കിന്റെ ചവറ ബ്രാഞ്ചിലെ 736802010005684-ാം നമ്പർ അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്.

1-4 വാർഷികകണക്കുകൾ

ഓഡിറ്റിനായി സമർപ്പിച്ച വാർഷിക കണക്കുകൾ പ്രകാരം 2020-21സാമ്പത്തിക വർഷത്തെ ആകെ വരവ് 168437/- രൂപയും ആകെ ചെലവ് 202544/- രൂപയും ആണ്. വരവ് – ചെലവ് കണക്കുകളുടെ പത്രിക അനുബന്ധമായി ഈ റിപ്പോർട്ടിനോടൊപ്പം ചേർത്തിട്ടുണ്ട്.

ഭാഗം –2

വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

2-1 വരവിനങ്ങളുടെ പരിശോധന

സർക്കാർ ഗ്രാന്റ് കൂടാതെ സ്ഥാപനങ്ങളിൽ നിന്നും വ്യക്തികളിൽ നിന്നുമുള്ള സംഭാവനയാണ് പ്രധാനമായ വരവ്. വർഷികാഘോഷ പരിപാടിക്ക് വ്യക്തികളിൽ നിന്നും കളക്ട് ചെയ്യുന്ന തുക ചെലവഴിച്ചതിന് ശേഷം അവശേഷിക്കുന്ന തുകയാണ് ബാങ്കിൽ നിക്ഷേപിക്കുന്നത്. വരവിനങ്ങളുടെ പരിശോധനയിൽ മറ്റ് അപാകതകൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

2-2 സ്ഥിരനിക്ഷേപം

ഇല്ല.

ഭാഗം –3

ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

3-1 ചെലവിനങ്ങളുടെ പരിശോധന

ഓഡിറ്റ് വർഷത്തെ ചെലവുകൾ പരിശോധിച്ചു. സർക്കാർ ധനസഹായത്തിന്റെ വിനിയോഗം മാർഗ്ഗനിർദ്ദേശങ്ങൾക്ക് അനുസൃതമായിട്ടാണ് നടത്തിയിരിക്കുന്നത്. മറ്റ് അപാകതകൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

3-2 ഓഡിറ്റ് ചാർജ്ജ്

അക്കൗണ്ട്സ് പ്രകാരമുള്ള ആകെ വരവ്	₹168437
(-) സർക്കാർ ഗ്രാന്റ്	(-)₹10,000
ഓഡിറ്റ് ചാർജ് കണക്കാക്കാവുന്ന വരവ്	₹158437
ഓഡിറ്റ് ചാർജ് 1% നിരക്കിൽ	₹1584
2019-20 ൽ ഒടുക്കുവാനുണ്ടായിരുന്ന ഓഡിറ്റ് ചാർജ്	₹4786

ഒടുക്കിയ ഓഡിറ്റ് ചാർജ് (ചെലാൻ നമ്പർക.എൽ-.002588005 2020-21m dt.15.6.20)	₹4786
2020-21 ൽ ഒടുക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് ചാർജ്	₹1584

1584 /- രൂപ ' 0070-60-110-99 ഓഡിറ്റ് ചാർജ് ' എന്ന ശീർഷകത്തിൽ ഒടുക്കി രസീത് ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് , വികാസ് ഭവൻ, തിരുവനന്തപുരം -33 എന്ന വിലാസത്തിൽ അയച്ചു കൊടുക്കേണ്ടതാണ്.

ഭാഗം -4

പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 അനുബന്ധപത്രിക

2020-21 സാമ്പത്തിക വർഷത്തെ വരവ് -ചെലവ് പത്രികയും ഓഡിറ്റ് സർട്ടിഫിക്കറ്റും അനുബന്ധമായി ചേർത്തിട്ടുണ്ട്.

സീനിയർ ഡെപ്യൂട്ടി ഡയക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് ഓഫീസ്, കൊല്ലം.

അനുബന്ധം-1
വരവ്-ചെലവ് പത്രിക

വികാസ് കലാ - സാസ്കാരിക സമിതി, മുകുന്ദപുരം.പി.ഒ., ചവറ

2020-21 സാമ്പത്തിക വർഷത്തെ വരവ് -ചെലവ് പത്രിക.

വരവ്	**തുക (രൂപ)**	**ചെലവ്**	**തുക (രൂപ)**
മുന്നിരിപ്പ്	314174	കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ	31845
സാംസ്കാരിക വകുപ്പ് ഗ്രാന്റ്	10000	ചികിത്സാ ധനസഹായം	50000
കെ.എം.എം.എൽ,ചവറ കോവിഡ് പ്രിരോധം	7873	കെട്ടിട മെയിന്റനൻസ്	7950
കെ.എസ്.എഫ്.ഇ സംഭാവന	10000	ഭാരവാഹികളുടെ പേരുവിവരം-ബോർഡ്	1500
വാർഷികആഘോഷ വരവ്	95585	വികാസ് ജംഗ്ഷനിലെ ബോർഡ്	11400
വികാസ്-അംഗങ്ങൾ	15000	വികാസ് -മുതിർന്ന അംഗങ്ങളെ ആദരിച്ചത്	5216

ശ്രീ.പീറ്റർഫെയർഡീൽ,കൊല്ലം-സംഭാവന	20000	ടോയിലറ്റ്-റിപ്പയർ		2060
ബാങ്ക്പലിശ(എസ്.സി.ബി.പട്ടത്താനം ബ്രാഞ്ച്)	7914	ഓഡിറ്റ്ഫീസ്		4786
ബാങ്ക് പലിശ(യൂണിയൻ ബാങ്ക്,ചവറ)	2065	ആഗസ്റ്റ്-15(സ്വാതന്ത്ര്യദിനം)		250
		36-ാം വാർഷികാഘോഷം-ഫോട്ടോഫ്രയിം		800
		SSLC, +2വിജയികൾക്ക്അനുമോദനം, ഉപഹാരം		1500
		പുതിയ ടെലഫോൺ(ലാന്റ് ഫോൺ)		740
		വിവാഹ മംഗളാശംസ		1200
		സ്റ്റേജ്-പേരുകൾ പുതുക്കി തയ്യാറ്ക്കിയത്		7500
		ജനപ്രതിനിധികൾക്ക് സ്വീകരണം		15600
		വെള്ളക്കരം		1000
		ഓൺലൈൻക്ലാസ്സ്-സ്മാർട്ട് ഫോൺവാങ്ങിയത്		5999
		കറണ്ട് ചാർജ്ജ്		4080
		ടെലഫോൺ ചാർജ്ജ്		2550
		പത്രം-കേരളകൌമുദി വരിസംഖ്യ		2826
		ജോസ് ഫൗണ്ടേഷൻ ധനസഹായം		22500
		ജോസ് ഫൗണ്ടേഷൻ ബാങ്കിൽ നിക്ഷേപിച്ചത്		20000
		സ്മാർട്ട് ടി.വി വാങ്ങിയത്		14990
		37-ാം വാർഷികാഘോഷചെലവ്		49375
		ഒ.എൻ.വി.സ്മൃതി		1400
		പത്രമാസിക വരിസംഖ്യ		12800
		മറ്റ് ചെലവുകൾ		200
		നീക്കിയിരിപ്പ്	ബാങ്ക്	194912
			ക്യാഷ്	**7632**
ആകെ	482611	**ആകെ**		482611

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം

അനുബന്ധം-2

Audit Certificate.

No. KSA/KLM/MS/1518/21 Date : 06/12/2021

Certificate of Audit

I have examined the accounts of the 'Vikas Kala Samskarika Samithi', Chavara, Kollam for the year 2020-21. I have obtained all the information and explanations that was required and subject to the observations in my report, I certify as a result of my audit and explanations given to me and shown by books of the institutions, that in my opinion the grant in aid sanctioned to the institution has been utilised in accordance with the terms and conditions prescribed therefore.

Ref. to the Order of Govt. Sanctioning the grant	Year	Name of the Institution receiving the grant	Amount (Rupees)	Unspent balance to be refunded or adjusted
A2-3544/20/CAD dt 30.6.20	2020-21	Vikas Kala Samskarika Samithi, Chavara, Kollam	10,000/-	Nil

Senior Deputy Director
District Audit Office
Kerala State Audit Department, Kollam